**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1166** **04-07-2022 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലയോര ഹൈവേയിൽ കോളിച്ചാൽ ചെറുപുഴ റീച്ചിന്റെ പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; | (എ) | പ്രസ്തുത പ്രവൃത്തിയിലെ വനഭൂമി ഒഴികെയുള്ള മുഴുവൻ ഭാഗത്തെയും ബി.എം വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 28.87 കിലോമീറ്ററിൽ 16.95 കി.മീ. ഭാഗത്തെ ബി.സി വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ട്. ഇനിയും ബി.സി. വർക്കുകൾ പൂർത്തീകരിക്കാനുള്ള ഭാഗത്തെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് ബി.സി. പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. വനഭൂമിയുള്ള ഭാഗത്തെ നിർമ്മാണ പ്രവൃത്തനങ്ങൾക്ക് ആവശ്യമായ തുക കൂടി ഉൾപ്പെടുത്തിയ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ആയത് ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് കിഫ്ബിയിലേക്ക് സമർപ്പിച്ച്, അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾകൂടി ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പാതയിൽ ഇനിയും പ്രവൃത്തി പൂർത്തീകരിക്കാനുള്ള ഭാഗങ്ങൾ ഏതൊക്കെയാണെന്നും ആയതിനുള്ള കാലതാമസത്തിന് കാരണങ്ങൾ എന്തൊക്കെ എന്നും വിശദമാക്കാമോ; | (ബി) | 0/000 മുതൽ 19/450 ഭാഗത്തെ 2.78 കിലോമീറ്റർ വനഭൂമി ഒഴികെയുള്ള മുഴുവൻ ബി.സി പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. 19/450 മുതൽ 30/300 വരെയുള്ള ഭാഗത്തെ ബി.സി. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ആയതിനാലാണ് ആ ഭാഗത്തെ ബി.സി. പ്രവൃത്തികളും ആരംഭിക്കാൻ കഴിയാതെ വരുന്നത്. വനഭൂമിയുള്ള ഭാഗത്തെ പ്രവൃത്തികൾ ചെയ്യാനാവശ്യമായ തുക കൂടി ഉൾപ്പെടുത്തിയ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ആയത് ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചശേഷം കിഫ്ബിയിലേക്ക് സമർപ്പിച്ച്, അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭാഗത്തെ പ്രവൃത്തികളും ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത റീച്ചിൽ പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (സി) | പ്രസ്തുത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് 21/12/2021 തീയതിയിലെ 92-ാം ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നു. ന്യൂനതകൾ പരിഹരിക്കുന്നതിനായി കമ്മിറ്റി നിർദ്ദേശിച്ചിരിക്കുന്നു. നിലവിൽ പ്രവൃത്തിയ്ക്ക് ആവശ്യമായ വനഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ തുക കൂടി ഉൾപ്പെടുത്തിയ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള അംഗീകാരത്തിന് കാലതാമസം ഒഴിവാക്കി അംഗീകാരം നൽകി പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | റിവൈസ്ഡ് എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചതിനുശേഷം കിഫ്ബിക്ക് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ